**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1368 — 30.01.2018-ൽ മറുപടിക്ക്

## വിളപ്പിൽശാലയിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിയ്ക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. ഐ. ബി. സതീഷ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ ശാലയിൽ അനുവദിയ്ക്കപ്പെട്ട ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ ; | (എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ ശാല പഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിനായി വിളപ്പിൽ വില്ലേജ് വക സർവ്വേ നമ്പർ 227,228-ൽപ്പെട്ട 6.77 ഏക്കർ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എന്നാൽ ടി വസ്തുവിൽ അടുത്തിടെയുണ്ടായ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ് തീർപ്പാക്കിയാൽ മാത്രമേ നിർദ്ദിഷ്ട പോളിടെക്നിക്കിന്റെ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ.<br>ക്ലാസ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ (എ.ഐ.സി.റ്റി.ഇ.) അംഗീകാരം ലഭിക്കേണ്ടതുണ്ട്. |
| (ബി) ഇവിടെ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കാമോ ? | (ബി) 3.6.2015 ലെ ജി ഒ (എം.എസ്) നം. 229/2015/ഉവിവ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സെൻട്രൽ പോളി ടെക്നിക്കിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ശ്രീ. അലക്സ് ബഞ്ചമിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ടിയാന്റെ സ്ഥലംമാറ്റം മൂലം വന്ന ഒഴിവിലേക്ക് പകരം സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ